# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഴീക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/949/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/949/21 തീയ്യതി: 06/10/2021

## കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 25-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 25-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
3) ശ്രീമതി.നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
4) ശ്രീമതി.ധന്യ.എം,ഓഡിറ്റർ.
5) ശ്രീമതി.രമ്യ.ടി, ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രസന്ന.സി. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.അജീഷ്.കെ. | പ്രസിഡന്റ് | | |
| ശ്രീമതി.കെ.കെ.രാജലക്ഷ്മി | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീബ.ടി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രശാന്ത്.വി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സിന്ധുകല.എ.ആർ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ജ്യോതി.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സുനുമോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 10-11-2020 |
| ശ്രീമതി.ജിൻസിമോൾ ജോർജ്ജ്.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-11-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.കെ.എം. | വി.ഇ.ഒ.അഴീക്കോട് സൗത്ത് | 01-04-2020 | 31-03-2021 |
| ശ്രീമതി.കവിത.കെ.കെ. | വി.ഇ.ഒ.അഴീക്കോട് നോർത്ത് | 01-04-2020 | 22-07-2020 |
| ശ്രീമതി.ലത.പി. | വി.ഇ.ഒ.അഴീക്കോട് നോർത്ത് | 23-07-2020 | 11-09-2020 |
| ശ്രീമതി.കവിത.കെ.കെ. | വി.ഇ.ഒ.അഴീക്കോട് നോർത്ത് | 12-09-2020 | 22-09-2020 |
| ശ്രീ.നൗഷാദ്.കെ.ബി. | വി.ഇ.ഒ.അഴീക്കോട് നോർത്ത് | 23-09-2020 | 31-03-2021 |
| ശ്രീമതി.ശില്പ.കെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 12-11-2020 |
| ശ്രീമതി.അരവിന്ദ്.ഇ.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-11-2020 | 31-03-2021 |
| ശ്രീമതി.സരള.ടി. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി.ഷഫീന.കെ.പി. | ഹെഡ്മാസറ്റർ | 01-06-2020 | 31-03-2021 |
| ശ്രീ.അജയകുമാർ.ജി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനി നാരായണൻ.പി.വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 05-07-2020 |
| ശ്രീമതി.രമ്യശ്രീ.പി.വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 06-07-2020 | 01-11-2020 |
| ശ്രീമതി.പ്രീത.പി.വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |
| ശ്രീമതി.അമ്പിളി.എൻ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 07-06-2020 |
| ശ്രീമതി.ടിങ്കിൾ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-06-2020 | 26-01-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ദിവ്യ വത്സൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-01-2020 | 31-03-2021 |

12.11.2020 മുതൽ 18.12.2020 വരെ സെക്രട്ടറി, അഗ്രിക്കൾച്ചർ ഓഫീസർ, അസി.എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണനിർവ്വഹണ കമ്മറ്റിക്കായിരുന്നു ചുമതല.പുതിയ ഭരണസമിതി 21.12.2020ന് നിലവിൽ വന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ-നടപടിക്രമങ്ങൾ പാലിക്കുന്നല്ല.<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-7 |
| 9 | വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല<br>Written By: Remya T (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Remya T (Auditor, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 23-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-9 |
| 12 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Remya T (Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-10 |
| 13 | ഇ ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-11 |
| 14 | പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1- 12 |
| 15 | പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം- പ്രോജക്ട് ഫലപ്രാപ്തി കൈവരിച്ചില്ല- ₹640300 തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-13 |
| 16 | വനിതാഗ്രൂപ്പ് പച്ചക്കറികൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല -₹552500 തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-14 |
| 17 | കൃഷി ഓഫീസർ - രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുകയായ ₹312200 തടസ്സപ്പെടുത്തുന്നു | 1-15 |

| | | |
|---|---|---|
| | Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | |
| 18 | വനിതാഗ്രൂപ്പുകൾക്ക് വാഴകൃഷി- വിതരണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-16 |
| 19 | മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-17 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല -<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-18 |
| 21 | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി (പടുതാകുളം) പൂർത്തീകരണവിവരം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-19 |
| 22 | ബയോഫ്ലോക്ക് മത്സ്യകൃഷി - പൂർത്തീകരണവിവരം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-20 |
| 23 | തുടർ വിദ്യാഭ്യാസ പരിപാടി - സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയില്ല - 34,290/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-21 |
| 24 | ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-22 |
| 25 | ആരോഗ്യബോധവൽക്കരണപരിപാടി - പദ്ധതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-23 |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-24 |
| 27 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 25-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-25 |
| 28 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണ്ടതാണ്<br>Written By: Nisha K (Senior Grade Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-26 |
| 29 | അഗതി രഹിത കേരളം പദ്ധതി - അവലോകനം<br>Written By: Nisha K (Senior Grade Auditor, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 28-08-2021) | 4-3 |
| 4 | | 4-4 |

| | | |
|---|---|---|
| | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-10-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 26-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് | |

## ഭാഗം -1

### 1-1 ബജറ്റ്.

ബജറ്റ് 13-03-2020 തീയതിയിലെ 68/20 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 71994296 |
| വരവ് | 258964380 |
| ആകെ | 330958676 |
| ചെലവ് | 268998260 |
| നീക്കിയിരിപ്പ് | 61960416 |

ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി തയ്യാറാക്കി സമർപ്പിച്ച ബജറ്റ് 11-03-2020 ലെ ഭരണ സമിതി മീറ്റിംഗിൽ വൈസ് പ്രസിഡണ്ട് അവതരിപ്പിക്കുകയും 13-03-2020ലെ പ്രത്യേക യോഗത്തിൽ ചർച്ച ചെയ്ത് അതേപടി അംഗീകരിക്കുകയും ചെയ്തു.

### 1-1-1 ബജറ്റ് തയ്യാറാക്കൽ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ നിർദ്ദേശങ്ങൾ പാലിച്ചാണോ വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദേശങ്ങൾ സ്വീകരിച്ചതായി രേഖകളില്ല. ജെന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ പാസാക്കിയിട്ടില്ല. ബജറ്റ് ഡോക്യുമെൻസ് ഫയലാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 25.06.2021 | തിരിച്ചയച്ചിട്ടില്ല |

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മണൽ വരവ് – രജിസ്റ്ററിലെ തുകകളും, വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

2. ജോയിന്റ് വെഞ്ചർ പ്രോജക്റ്റ് ഇനത്തിലുള്ള വരവ് /ചെലവ് /നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ജോയിന്റ് വെഞ്ചർ പ്രോജക്റ്റുകൾ -ബാലൻസ് ഷീറ്റ് B-4 ,B-17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് (നം.719011400000) 9-06-20 ന് ക്ലോസ് ചെയ്ത് പകരം പുതിയ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ RP -40(B) പ്രകാരം 15637/- രൂ. ബാലൻസായി കാണിച്ചിട്ടുണ്ട്.

5. വസ്തു നികുതി – ഡിമാന്റ് കലക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 100491902.55 |
| വരവ് | 144190330.00 |
| ആകെ | 244682232.55 |
| ചെലവ് | 152759976.00 |
| നീക്കിയിരിപ്പ് | 91922256.55 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 15,39,290 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കിയിരിപ്പ് (ക്യൂ ബിൽ ഉൾപ്പെടെ) |
|---|---|---|---|---|---|---|

| | | | | | തുക | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 0 | 20497000 | 20497000 | 20438366 | 0 | 58634 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6361000 | 6361000 | 6361000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 20012305 | 20012305 | 10292380 | 0 | 9719925 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8562000 | 8562000 | 8562000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 6992551 | 6992551 | 4382455 | 0 | 2610096 |
| ഐ സി ഡി എസ് സെൻട്രൽ ഷെയർ | 1646372 | 1497212 | 3143584 | 615814 | 0 | 2527770 |
| ടി എസ് സി ഫണ്ട് | 187140 | 0 | 187140 | 183000 | 0 | 4140 |
| ലൈബ്രറി ഗ്രാൻറ് | 8000 | 33050 | 41050 | 20050 | 0 | 21000 |

ജോയിന്റ് വെഞ്ചർ – എ സി ആർ സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ്/വരവ്/നീക്കിയിരിപ്പ് പരിശോധിക്കാനായിട്ടില്ല. 2020-2021-ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 240 | 159 | 1 | 81 | 158 | 65.83 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 23 | 9 | 13098601 | 3739160 | 28.54 |
| 2. | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 13 | 8 | 3470766 | 1380770 | 39.78 |
| 3. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 3 | 1460000 | 1450000 | 99.3 |
| 4. | വെറ്റിനറി സർജൻ | 10 | 10 | 2665724 | 1592569 | 59.74 |
| 5. | അസി.എഞ്ചിനീയർ | 96 | 64 | 53813281 | 31361938 | 58.28 |
| 6. | അഗ്രിക്കൾച്ചർ ഓഫീസർ | 17 | 16 | 13370053 | 7482575 | 55.96 |
| 7. | വി ഇ ഒ | 23 | 12 | 30780311 | 7406473 | 24.06 |
| 8. | ഐ സി ഡി എസ് സൂപ്പർവൈസർ | 11 | 6 | 10054978 | 8094942 | 80.5 |

| | | | | | | |
|---|---|---|---|---|---|---|
| 9. | ഹെഡ് മാസ്റ്റർ (ജി എൽ പി സ്കൂൾ) | 17 | 11 | 1817166 | 1168789 | 64.32 |
| 10. | അസി. സെക്രട്ടറി | 19 | 14 | 2563097 | 1817166 | 70.90 |
| 11. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 5 | 4 | 1789010 | 412605 | 23.06 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1900000 | 998090 | 52.53 |
| | ആകെ | 240 | 159 | 136782987 | 66905077 | 48.91 |

ആസൂത്രണ സമിതി 2020-21 പദ്ധതിയുമായി ബന്ധപ്പെട്ട് 18-06-2020 ന് യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. 2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ 06-03-2020 ന് ചേർന്നു. 127 പേർ വികസന സെമിനാറിൽ പങ്കെടുത്തു. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നില്ല എന്നതാണ് നിർവ്വഹണ ഉദ്യാഗസ്ഥരുടെ ചെലവ് രേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ചില നിർവ്വഹണ ഉദ്യാഗസ്ഥന്മാർ മാത്രമാണ് മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 261867 | 857502 | 1119369.28 | 1117271.91 | 2097 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12171232 | 12171232 | 12171232 | 0 |

പഞ്ചായത്ത് പരിധിയിൽ 2020-21 വർഷം 331 കുടുംബങ്ങൾ പുതുതായി രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുണ്ട്. ആകെ 1954 കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെട്ട 565 കുടുംബങ്ങളിൽ 150 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകിയിട്ടുണ്ട്. ലേബർ ബജറ്റ്/ വാർഷിക പദ്ധതി പ്രകാരം 239 പ്രവർത്തികൾ നിർദേശിച്ചിട്ടുണ്ടെങ്കിലും 129 എണ്ണം മാത്രമാണ് 2020-21 വർഷം നടപ്പിലാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 3941200 | 269 |
| വിധവാപെൻഷൻ | 23694000 | 1514 |
| വാർദ്ധക്യകാല പെൻഷൻ | 64331900 | 4453 |
| വികലാംഗ പെൻഷൻ | 7335600 | 481 |
| അവിവാഹിത പെൻഷൻ | 7815400 | 505 |
| വിവാഹ ധനസഹായം | 690000 | 23 |

### 1-7-1 വാർധക്യകാല പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള, മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ ഉപയോഗിച്ച് സേവന സോഫ്റ്റ് വെയറിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | പെൻഷനർ ഐ ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | തുക നല്കിയതിന്റെ വിവരം | തദ്ദേശ സ്ഥാപനം |
|---|---|---|---|---|---|
| മോഹൻരാജ്.ടി.കെ വാർധക്യ കാല പെൻഷൻ | 111350201165 | 311364774894 | 12.05.2019 | 7/19 വരെ പെൻഷൻ ബാങ്ക് അക്കൗ | അഴീക്കോട് ഗ്രാ.പ |

| | | | | | |
|---|---|---|---|---|---|
| | | | | ണ്ടിൽ ക്രെഡിറ്റ് ചെയ്തു സസ്പെൻഡ് ചെയ്തിട്ടില്ല. | |
| എ.ടി.പത്മിനി വിധവ പെൻഷൻ | 111350600176 | 608389646078 | 15.01.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| ലക്ഷ്മണൻ .എൻ വാർധക്യ കാല പെൻഷൻ | 111350200605 | 233644120582 | 06.02.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| ദേവദാസ്.എം.എം വാർധക്യ കാല പെൻഷൻ | 111350200654 | 806008701946 | 16.03.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| പ്രദീപൻ.സി വാർധക്യകാല പെൻഷൻ | 111350203871 | 49697744981001 | 01.01.2020 | 4/20വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു | " |
| അബൂബക്കർ.സി വാർധക്യ കാല പെൻഷൻ | 111350201451 | 610635056397 | 24.12.2019 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| കുഞ്ഞിരാമൻ.കെ | 111030200354 | 532131587576 | 31.12.2019 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | കരിവെള്ളൂർ പെരളം ഗ്രാ.പ |
| ഹരിദാസൻ.കെ വാർധക്യ കാല പെൻഷൻ | 111350202845 | 817376028395 | 27.03.2020 | 8/20വരെ പെൻഷൻ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്തു | അഴീക്കോട് ഗ്രാ.പ |
| നാരായണി.പി വാർധക്യ കാല പെൻഷൻ | 111350204423 | 488877048940 | 26.03.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| കരുണാകരൻ.വി വാർധക്യ കാല പെൻഷൻ | 111350203217 | 361054321369 | 23.05.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗ ണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| വളപ്പിൽ ഭാസ്കരൻ | 111350202463 | 593714349950 | 15.06.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗ | " |

| | | | | | |
|---|---|---|---|---|---|
| വാർധക്യ കാല പെൻഷൻ | | | | ണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | |
| ശാന്ത.പി വാർധക്യ കാല പെൻഷൻ | 111350202279 | 972157488704 | 17.06.2020 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |
| കുഞ്ഞപ്പ പോത്തൻ | 111350200499 | 699144131004 | 02.09.20 | 8/21വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു സ്റ്റാറ്റസ് -ആക്ടീവ് | " |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിച്ച്കൊണ്ട് മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.21 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37246/- (മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി നാല്പത്തി ആറു രൂപ ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2020-21 സാമ്പത്തിക വർഷം 7 പ്രാവശ്യം സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കുറ്റമറ്റതല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, മണൽ – വരവ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ടെണ്ടർ ഫോറം വരവ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. മറ്റ് പലവക വരവുകൾ നിരീക്ഷിക്കുവാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ ക്രമമായി (നമ്പർ ക്രമത്തിൽ) സൂക്ഷിക്കാത്തതും അപാകതയാണ്. പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിൽ കാലികമാക്കിയിട്ടുണ്ട്.

## 1-10 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.

2019-20, 2020-21 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പ്രകാരം യഥാക്രമം 62, 58 എണ്ണം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണത്തിന് (27/18.08.2021) മറുപടിയായി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് നികുതി പുനർനിർണ്ണയിച്ച് നൽകാറുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ എല്ലാ നിർമ്മാണങ്ങൾക്കും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. ആയതിനാൽ ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഫീൽഡ്തല പരിശോധന നടത്തി അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 ഇ ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫീ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഇ-ടെണ്ടർ ഫീ ഇനത്തിൽ ക്രെഡിറ്റ് ചെയ്ത തുകയുടെ വിവരവും (വർഷം തിരിച്ചുള്ളത്) ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരവും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/17-08-2021) ലഭ്യമാക്കിയ മറുപടിയിൽ തുകയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വകയിരുത്തിയ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുകയുടെ വർഷം തിരിച്ച വിവരവും സ്വീകരിച്ച നടപടിയുടെ പുരോഗതിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1- 12 പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിലെ പൊതുകുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2020-21 സാമ്പത്തിക വർഷം 12,86,250/- രൂപ വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 245 ടാപ്പുകൾ ഉണ്ട്. ഓരോ ടാപ്പിനും പ്രതിവർഷം 5250/- രൂപ നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. G.O.(Rt)No.2242/2011/LSGD തീയതി. 29.9.2011 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല.

ടാപ്പുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്രയെന്നും സ്ട്രീറ്റ് ടാപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഉപയോഗത്തിനനുസരിച്ച് മാത്രം വെള്ളക്കരം ഒടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം- പ്രോജക്ട് ഫലപ്രാപ്തി കൈവരിച്ചില്ല- ₹640300 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 49/21 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം |
| അടങ്കൽ<br>ആകെ | ₹704000 വികസനഫണ്ട് പെതുവിഭാഗം<br>₹316000 തനത് ഫണ്ട്<br>₹595000 മറ്റുള്ളവ<br>₹1615000 |
| ചെലവ്/ബിൽ നം./തുക<br>ആകെ | ₹704000<br>(9/30.10.20 - 540000<br>37/27.03.21 - 164000<br>704000)<br>₹534100 മറ്റുള്ളവ<br>₹1238100 |

850 വ്യക്തികൾക്ക് പച്ചക്കറി കൃഷി ചെയ്യാൻ 10 വീതം പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടികൾ, പച്ചക്കറി തൈകൾ/പച്ചക്കറി വിത്തുകൾ (1 യൂണിറ്റ്) എന്നിവ വിതരണം ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 10 എണ്ണം അടങ്ങിയ 1 യൂണിറ്റിന് 1200/- രൂപ സബ്സിഡി അനുവദിക്കുന്നു. പ്രോജക്ടിന്റെ ഭാഗമായി പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി പച്ചക്കറി തൈ ഉൾപ്പെടെ ഒന്നിന് 190/- രൂപ നിരക്കിൽ 6500 ചട്ടികൾ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഫാം ഫ്രഷ് ഇക്കോ ഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹാജരാക്കിയ ബില്ലിലെ തുകയും (6500*190=1235000) സുലേഖ പ്രകാരമുള്ള ചെലവ് തുകയും (₹1238100) പൊരുത്തപ്പെടുന്നില്ല.

2. വിതരണ രജിസ്റ്റർ പ്രകാരം 313 പേർക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

3. പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി പച്ചക്കറി തൈ ഉൾപ്പെടെയാണ് യൂണിറ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത്. കൃഷി ഭവന്റെ മുറ്റത്ത് കുറേ മൺചട്ടികൾ മാത്രം അടുക്കി വച്ചിട്ടുണ്ട്. അതിൽ ചിലവ പൊട്ടിപ്പോയിട്ടുമുണ്ട്.

ഫാം ഫ്രഷ് ഇക്കോഷോപ്പിൽ നിന്നും യൂണിറ്റുകൾ വിതരണം ചെയ്യുന്ന രീതി, അത് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന വിധം എന്നിവ വ്യക്തമാക്കുന്നതിനും മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/17.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഗുണഫലം മുഴുവൻ ഗുണഭോക്താക്കൾക്കും ലഭ്യമായിട്ടില്ല. വിതരണം കൃത്യമായി നടത്താത്തതിനാൽ പദ്ധതി പണം പാഴായിപ്പോയ അവസ്ഥ വന്നിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ വിതരണം ചെയ്യാത്ത 337 യൂണിറ്റിന്റെ വിലയായ ₹640300 (337x1900) തടസ്സപ്പെടുത്തുന്നു. പ്രോജക്ടിൽ പ്രതിപാദിച്ച പ്രകാരം മൺചട്ടി വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ

ക്രമനമ്പർ ഒന്നിൽ പ്രതിപാദിച്ച ചെലവ് തുകയിലെ വ്യത്യാസം (1238100-1235000=3100) സംബന്ധിച്ച് മറുപടി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 വനിതാഗ്രൂപ്പ് പച്ചക്കറികൃഷി- ചെലവ് രേഖകൾ ഹാജരാക്കിയില്ല -₹552500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 175/21 |
| പ്രോജക്ടിന്റെ പേര് | വനിതാഗ്രൂപ്പ് പച്ചക്കറി കൃഷി (SO) |
| അടങ്കൽ<br>ആകെ | ₹552500 – വികസനഫണ്ട് പൊതുവിഭാഗം<br>₹425000 – ജില്ലാപഞ്ചായത്ത് വിഹിതം<br>₹892500 – മറ്റുള്ളവ<br>₹187000 |
| ചെലവ്<br>ആകെ | ₹552500 – വികസനഫണ്ട്<br>(ബിൽ നം./തുക -2/27.04.2020 – 425000<br>3/27.04.2021 – 127500<br>552500)<br>₹425000 – ജില്ലാപഞ്ചായത്ത് വിഹിതം<br>4/15.05.2020 – 425000<br>₹977500 |

വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറികൃഷി നടത്തുന്നതിന് ആനുകൂല്യം ലഭ്യമാക്കുന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി ₹425000 ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. വികസന ഫണ്ടിന്റെ ചെലവ് രേഖകൾ (₹552500) ഹാജരാക്കിയിട്ടില്ല (ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടുണ്ട്). കൂടാതെ പ്രോജക്ടുമായി ബന്ധപ്പെട്ട വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹552500 തടസ്സപ്പെടുത്തുന്നു.

## 1-15 കൃഷി ഓഫീസർ - രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുകയായ ₹312200 തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതുമായി ബന്ധപ്പെട്ട് ട്രഷറി ബിൽ ബുക്ക്, ട്രഷറി ബില്ലുകളുടെ പകർപ്പ് എന്നിവ മാത്രമാണ് ഹാജരാക്കിയത്. വിതരണ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ ₹ | ചെലവ് തുക, ബിൽ നം/ തീയതി ₹ |
|---|---|---|---|---|
| 1 | 231 | തരിശ് ഭൂമിയിൽ നെൽകൃഷി | 600000 | 51050, 22/16.01.2021<br>12500, 29/23.03.2021<br>63550, 40/30.03.2021<br>127100 |
| 2 | 232 | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി | 120000 | 25000, 41/30.03.2021<br>25000, 37/30.03.2021<br>50000 |
| 3 | 234 | പച്ചക്കറി തൈ വിതരണം | 75000 | 37500, 36/27.03.2021<br>37500, 34/27.03.2021<br>75000 |
| 4 | 235 | ഇടവിള കൃഷി | 76250 | 50000, 10/30.10.20 |
| 5 | 236 | കരനെൽകൃഷി | 67200 | 5050, 21/16.01.2021<br>5050, 35/27.03.2021<br>10100 |
| | | ആകെ | 938450 | 312200 |

രേഖകളുടെ അഭാവത്തിൽ പ്രോജക്ടുകളുടെ ചെലവ് തുകയായ ₹312200 തടസ്സപ്പെടുത്തുന്നു.

## 1-16 വനിതാഗ്രൂപ്പുകൾക്ക് വാഴകൃഷി- വിതരണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | 28/21 |
| പ്രോജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് വാഴകൃഷി |
| അടങ്കൽ | ₹45000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ്/ബിൽ നം/തുക | ₹45000 13/30.11.2020 |

50 വനിതാ ഗ്രൂപ്പുകൾക്ക് സൗജന്യമായി വാഴക്കന്നുകൾ വിതരണം ചെയ്യുന്നതിനുള്ളതാണ് പ്രോജക്ട്. ആയത് പ്രകാരം പാപ്പിനിശ്ശേരി ഫാം ഫ്രഷ് ഇക്കോ ഷോപ്പിൽ നിന്നും 15/- രൂപ നിരക്കിൽ 3000 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത വാഴക്കന്നുകളുടെ എണ്ണം 760 ആണ്. (ചില ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വാഴക്കന്നുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല). ബാക്കി 2240 വാഴക്കന്നുകളുടെ വിതരണ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/17.08.2021) മറുപടിയായി 3000 വാഴക്കന്നുകളും കൃത്യമായി വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് വിതരണ രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇത് ശരിയായ നടപടി അല്ല. വിതരണ സമയത്ത് തന്നെ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 298/21 |
| പ്രോജക്ടിന്റെ പേര് | ഗുരുതര രോഗികൾക്ക് ജീവൻരക്ഷാ മരുന്നുകൾ |
| അടങ്കൽ | ₹500000 തനത് ഫണ്ട് |
| ചെലവ് തുക, ചെക്ക് നം/തീയതി | ₹77301 , 020089253,31.03.2021 |

മേൽ ചെലവ് തുക മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ അന്വേഷണത്തിന് മറുപടിയായി (2/11.08.2012) മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല -

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| പ്രോജക്ടിന്റെ പേര് | അഴീക്കോട് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 43/2020-21 |
| അടങ്കൽ | 5,00,000/-രൂപ (MG NR) |
| ചെലവ് | 5,00,000/- രൂപ |
| ബിൽ നം. & തീയതി | 2/2020-21, 16.12.2020 |

അഴീക്കോട് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോ എന്ന സ്ഥാപനത്തിന് 5,00,000/- രൂപ മുൻകൂറായി മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. തുക കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.. 30.5.2021, 13.6.2021, 15.7.2021 എന്നീ തീയതികളിലായി ഹോംകോയ്ക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ടെങ്കിലും സ്ഥാപനം നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/2020-21 ന് കോവിഡ് 19 പ്രതിരോധ മരുന്ന് കൂടുതലായി നൽകുന്നതിനാൽ മറ്റ് മരുന്നുകളുടെ വിതരണത്തിൽ കാലതാമസം ഉണ്ടെന്നാണ് ഹോംകോയിൽ നിന്നും അറിയിച്ചതെന്നും ഹോംകോയ്ക്ക് മരുന്നിനായി തുക കൈമാറുമ്പോൾ മുൻ വർഷങ്ങളിലൊന്നും കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും മേലിൽ മുൻകൂർ തുക കൈമാറുമ്പോൾ കരാറിൽ ഏർപ്പെടാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി (പടുതാകുളം) പൂർത്തീകരണവിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 239/21 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി - പട്ടുതാകുളം |
| അടങ്കൽ<br><br><br>ആകെ | ₹82000 വികസന ഫണ്ട്<br>₹82000 സംസ്ഥാനാവിഷ്കൃതം<br>₹82000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹369000 മറ്റുള്ളവ<br>₹615000 |
| ചെലവ് ബിൽ നം/തീയതി | ₹80470 വികസനഫണ്ട്<br>ബിൽ നം. /തീയ്യതി 03/25.03.2021 |

സുഭിക്ഷകേരളം പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. സ.ഉ. (സാധാ)നം.1009/2020/ ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.2.2 പ്രകാരം പൊതുവിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ (അനുവദനീയമായത് ₹1,23,000) 40% സബ്സിഡി അനുവദിക്കാവുന്നതും സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതുമാണ്. ആയത് പ്രകാരം തദ്ദേശസ്ഥാപനത്തിന് ₹32800 വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം പ്രോജക്ടിന്റെ ഭാഗമായി 5 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചത്.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| സുരേശൻ എൻ | 16094 |
| നിഷ കെ | 16094 |
| രൂപേഷ് കെ.വി | 16094 |
| ദിപുൻ കെ പി | 16094 |
| അരുൺ കുമാർ എ | 16094 |
| ആകെ | 80470 |

മേൽ ഉത്തരവിലെ ഖണ്ഡിക 4.5.7 പ്രകാരം സബ്സിഡി തുക യൂണിറ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തി ഗഡുക്കളായാണ് അനുവദിക്കേണ്ടത്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ യൂണിറ്റിന്റെ നിർവ്വഹണ പുരോഗതി വ്യക്തമല്ല. മേൽ പറഞ്ഞ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ, മേൽ സംരംഭത്തിന്റെ നിലവിലെ സ്ഥിതിവിവരം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/14-08-2021) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് സാക്ഷ്യപ്പെടുത്തിയത് എന്നത് അപാകതയാണ്. സംരംഭത്തിന്റെ പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല. ഭൗതിക പരിശോധന നടത്തി സംരംഭത്തിനായി നടത്തിയ പ്രവർത്തനങ്ങൾ, ഫലപ്രാപ്തി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ബയോഫ്ലോക്ക് മത്സ്യകൃഷി - പൂർത്തീകരണവിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 240/21 |
| പ്രോജക്ടിന്റെ പേര് | ബയോഫ്ലോക്ക് മത്സ്യകൃഷി |
| അടങ്കൽ<br><br><br>ആകെ | ₹92000 വികസന ഫണ്ട്<br>₹92000 സംസ്ഥാനാവിഷ്കൃതം<br>₹92000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹414000 മറ്റുള്ളവ<br>₹ 690000 |
| ചെലവ് ബിൽ നം/തീയതി<br>ആകെ | ₹91230 വികസന ഫണ്ട് 04/25.03.2021<br>₹91235 ജില്ലാപഞ്ചായത്ത് 05/29-03-21<br>₹182465 |

സുഭിക്ഷകേരളം പദ്ധതി പ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. സ.ഉ.(സാധാ)നം.1009/2020/ ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.3.2 പ്രകാരം പൊതുവിഭാഗത്തിന് യൂണിറ്റ് ചെലവിന്റെ (അനുവദനീയമായത് ₹1,38,000) 40% സബ്സിഡി അനുവദിക്കാവുന്നതും സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതുമാണ്. ആയത് പ്രകാരം തദ്ദേശസ്ഥാപനത്തിന് ₹36800 വരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം പ്രോജക്ടിന്റെ ഭാഗമായി മൂന്ന് ഗുണഭോക്താക്കൾക്കുമായി ₹182465 സബ്സിഡിയായി ( 5 യൂണിറ്റിന് ) അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക |
|---|---|---|
| 1 | രാധാമണി എ വി | 36493 |
| 2 | അനൂപ് കുമാർ കെ (2 യൂണിറ്റ്) | 72986 |
| 3 | മനോജ് എം (2 യൂണിറ്റ്) | 72986 |

മേൽ ഗുണഭോക്താക്കളുടെ സംരംഭത്തിന്റെ പൂർത്തീകരണവിവരം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/14-08-2021) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകണ റിപ്പോർട്ട് പദ്ധതി സംബന്ധിച്ച സോഫ്റ്റ് വെയറായ സുലേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് എന്നത് അപാകതയാണ്. സംരംഭത്തിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തുടർ വിദ്യാഭ്യാസ പരിപാടി - സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കിയില്ല - 34,290/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം : ഹെഡ് മാസ്റ്റർ

അടങ്കൽ 100000/- (തനത് ഫണ്ട്)

ചെലവ് 34290/- (തനത് ഫണ്ട്) (ചെക്ക് നം. 5838484 27/03/2021)

പദ്ധതി നടപ്പിലാക്കുന്നതിനായി പത്താതരം തുല്യതാ കോഴ്സ് ഫീ ശാസ്തമംഗലം എസ്.ബി.ഐ. ശാഖയുടെ അക്കൗണ്ടിലും (നമ്പർ 57026996123) 11-ാം ക്ലാസ് കോഴ്സ് ഫീ യൂക്കോ ബാങ്ക് ശാഖയുടെ അക്കൗണ്ടിലും (നമ്പർ 02880100113107) നിക്ഷേപിക്കാനാണ് കണ്ണൂർ ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ നിന്ന് അറിയിച്ചത്. എന്നാൽ രണ്ട് തുകയും എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. മേൽ തുക സംസ്ഥാന സാക്ഷരതാ മിഷൻ കൈപ്പറ്റിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/11-08-2021) ലഭ്യമാക്കിയ മറുപടിയിൽ തുക കൈപ്പറ്റിയതിന്റെ രേഖക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. തുക കൈപ്പറ്റിയതിന്റെ രേഖയും പഠിതാക്കൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 34,290/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

നിർവ്വഹണം : ഹെഡ് മാസ്റ്റർ

പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ (പ്രോജക്ട് നം. 131 ) എന്ന പ്രോജക്ടിനായി 2019-20 വർഷം 4,00,000/- രൂപ (വികസന ഫണ്ട്-എസ് സി പി) വകയിരുത്തിയിരുന്നു. എന്നാൽ 2019-20 വർഷം ഈയിനത്തിൽ തുക ചെലവഴിച്ചിട്ടില്ല. 2020-21 വർഷത്തെ ട്രഷറി ബിൽ ബുക്ക് പ്രകാരം ( ബിൽ നം. 04/12-05-2020) 1,33,200/- രൂപ പട്ടികജാതി കുട്ടികൾക്ക് ഫർണിച്ചർ വിതരണത്തിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് തുക 2020-21 വർഷത്തെ സുലേഖ ചെലവ് സ്റ്റേറ്റ് മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ചെലവ് തുക സുലേഖ ചെലവ് സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/11-08-2021) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകയുടെ ബിൽ ട്രഷറി ക്യൂ ബില്ലിൽ ഉൾപ്പെട്ടതായിരുന്നുവെന്നും ട്രഷറി ക്യൂ ബില്ലിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ സുലേഖയിൽ സ്പിൽ ഓവർ ആയി വരികയാണ് ചെയ്യുന്നതെന്നും എന്നുമാണ് മറുപടി ലഭ്യമാക്കിയത്. സാങ്കേതിക തകരാർ കാരണമാണ് അങ്ങനെ വരാതിരുന്നതെന്നുംമറുപടിയിൽ അറിയിച്ചിട്ടുണ്ട്.ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-23 ആരോഗ്യബോധവൽക്കരണപരിപാടി - പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി.എച്ച്സി |
| പ്രോജക്ട് നമ്പർ | 151 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആരോഗ്യ ബോധവൽക്കരണ പരിപാടി |
| അടങ്കൽ | ₹120000 തനത് ഫണ്ട് |
| ചെലവ് തുക, ചെക്ക് നം/ തീയതി | ₹99000, 5838468/10.03.2021 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ബോധവൽക്കരണത്തിനായി 10000 ബുക്കുകൾ അച്ചടിച്ച വകയിൽ ലക്ഷ്മി പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് ₹99000 നൽകിട്ടുണ്ട്. ക്വട്ടേഷൻ വഴിയാണ് മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷൻ അംഗീകരിച്ച പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം, ഭരണസമിതി അംഗീകാരത്തിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ബുക്കുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ , മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.08.2021) മറുപടിയായി ബോധവൽക്കരണ ബുക്കുകൾ എല്ലാ വാർഡുകളിലും വിതരണം ചെയ്തിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

## <u>1-24 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്</u>

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : കന്നുകുട്ടി പരിപാലനം |
| പ്രൊജക്റ്റ് നമ്പർ | :56/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |
| അടങ്കൽ<br>ആകെ | :₹500000/-വികസനഫണ്ട് പൊതുവിഭാഗം<br>₹500000/ മറ്റുള്ളവ<br>₹1000000 |
| ചെലവ് തുക/ബിൽ നമ്പർ, തീയതി | :₹500000 13/19.11.2020 |

കന്നുകുട്ടികൾ ഉള്ള 40 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് .

2.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | : കന്നുകുട്ടികളെ ദത്തെടുക്കൽ പരിപാടി |
| പ്രൊജക്റ്റ് നമ്പർ | :238 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |
| അടങ്കൽ<br>ആകെ | :₹93750/-വികസനഫണ്ട് പൊതുവിഭാഗം<br>:₹93750/- ജില്ലാപഞ്ചായത്ത് വിഹിതം<br>₹187500/ മറ്റുള്ളവ<br>₹375000 |
| ചെലവ് തുക/ബിൽ നമ്പർ, തീയതി<br>ആകെ | :₹93750 20/24.03.2021<br>:₹93750 21/24.03.2021<br>₹187500 |

കന്നുകുട്ടികൾ ഉള്ള 15 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ട് .

കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി മേൽ പ്രോജക്ടുകളുടെ ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മേൽ കൈമാറിയിട്ടുണ്ട്. ഈ പ്രോജക്ടുകളിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് അഴീക്കോട് കോ.ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റിയിൽ നിന്നുമാണ്. ഓരോ പദ്ധതി വർഷത്തിലും ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്, ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ കൃത്യമായി ആനുകൂല്യം കൈപ്പറ്റി വരുന്നുണ്ടെന്ന് എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.ഈ പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-25 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 1,13,080/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം./2020-21 തീയതി 9.8.2020) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നുണ്ടെന്നും ആയത് ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഐ കെ എം എ7955/2021 തീയതി 20.4.2021 നം.കത്ത് പ്രകാരം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ ആകെ 45 അങ്കണവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടം ഇല്ലാത്തവ | 12 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 15 |
| 4 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 2 |
| 5 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 6 |
| 6 | ടോയ് ലെറ്റ് സൌകര്യം ഇല്ലാത്തവ | 3 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 2 |

തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 3.9.2010 ലെ 39033/DC2/10/ തസ്വഭവ നം. സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം 25,27,770/- രൂപ ശേഷിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിലേക്കായി ആയത് ഉപയോഗപ്പെടുത്തുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 അഗതി രഹിത കേരളം പദ്ധതി - അവലോകനം

സ.ഉ.(എം.എസ്)നം.252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർ സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഭരണ സമിതി അംഗീകരിച്ച (31.3.2018 ലെ 3/142/18നം.തീരുമാനം) 105 അഗതി കുടുംബങ്ങളുണ്ട്. അവയിൽ വീടും സ്ഥലവും ഇല്ലാത്ത 15 ഗുണഭോക്താക്കളും ഭവന രഹിതരായിട്ടുള്ള 25 ഗുണഭോക്താക്കളും ഉൾപ്പെടുന്നു. ഭവനരഹിതരായ 14 കുടുംബങ്ങളെ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

അഗതി രഹിത കേരളം - ചലഞ്ച് ഫണ്ടിന്റെ ഒന്നാം ഗഡുവായി 2019-20 ൽ 9,91,775/- രൂപയും, രണ്ടാം ഗഡുവായി 2020-21 ൽ 13,09,476/- രൂപയും ലഭിച്ചിട്ടുണ്ട്. ടി തുക സി ഡി എസ് ചെയർപേഴ്സന്റേയും മെമ്പർ സെക്രട്ടറിയുടേയും പേരിലുള്ള അക്കൗണ്ടിൽ (A/C No.6301101002088 കാനറ ബാങ്ക്, അഴീക്കോട് ബ്രാഞ്ച്) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ഉപയോഗിച്ച് 97

ഗുണഭോക്താക്കൾക്ക് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണവും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കിറ്റും പച്ചക്കറികളും നൽകിയ ഇനത്തിൽ തൻ വർഷം 10,07,144/- രൂപയും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച ഇനത്തിൽ 19,558/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പ്രകാരം 13,29,177.55/- രൂപ 31.3.2021 ൽ നീക്കിയിരിപ്പായി ഉണ്ട്.

പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളേയും അഗതി രഹിത കേരളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ ഭക്ഷണം, വീട്, ചികിൽസ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ച് കൊടുക്കുക എന്ന ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വം നിറവേറാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17-08-21 , 18-08-21. | നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/ 949/2021 തീയതി 06.10.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 382500 | നെൽകൃഷി വികസന പദ്ധതി | 382500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2900000 | ലൈഫ് മിഷൻ ഭവനപദ്ധതി-ജനറൽ | 0 | 2900000 |
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | ലൈഫ് മിഷൻ ഭവനപദ്ധതി-പട്ടികജാതി | 0 | 1100000 |
| ബ്ലോക്ക് പഞ്ചായത്ത് | 180000 | പാലിയേറ്റീവ് പരിചരണപദ്ധതി | 0 | 180000 |
| ബ്ലോക്ക് പഞ്ചായത്ത് | 507650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ക്കുള്ള സ്കോളർ ഷിപ്പ് | 507650 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീരകർ ഷകർ ക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | തരിശ് ഭൂമിയിൽ നെൽ കൃഷി | 63550 | 86450 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30000 | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി | 25000 | 5000 |
| | 5350150 | | 1078700 | 4271450 |
| ജില്ലാ പഞ്ചായത്ത് | 2900000 | ലൈഫ് മിഷൻ ഭവനപദ്ധതി-ജനറൽ | | 2900000 |
| ജില്ലാ പഞ്ചായത്ത് | 425000 | വനിത ഗ്രൂപ്പ് പച്ചക്കറി കൃഷി | 425000 | 0 |
| ജില്ലാ പഞ്ചായത്ത് | 180000 | പാലിയേറ്റീവ് പരിചരണപദ്ധതി | 0 | 180000 |
| ജില്ലാ പഞ്ചായത്ത് | 1800000 | ലൈഫ് മിഷൻ ഭവനപദ്ധതി-പട്ടികജാതി | | 1800000 |
| ജില്ലാ പഞ്ചായത്ത് | 507650 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 475300 | 32350 |
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 500000 | ചെമ്മരശ്ശേരിപ്പാറ കുളം നവീകരണം | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 50362 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50362 | 0 |
| ജില്ലാ പഞ്ചായത്ത് | 425000 | വനിത ഗ്രൂപ്പ് പച്ചക്കറി കൃഷി | 425000 | 0 |
| ജില്ലാ പഞ്ചായത്ത് | 37500 | പച്ചക്കറി തൈ വിതരണം | 37500 | 0 |
| ജില്ലാ പഞ്ചായത്ത് | 13600 | കരനെൽ കൃഷി | 5050 | 8550 |
| ജില്ലാ പഞ്ചായത്ത് | 93750 | കന്നുകുട്ടികളെ ദത്തെടുക്കൽ | 93750 | 0 |
| ജില്ലാ പഞ്ചായത്ത് | 82000 | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകഷി -പടുതാക്കുളം | 0 | 82000 |
| ജില്ലാ പഞ്ചായത്ത് | 92000 | ബയോഫ്ലോക്ക് മത്സ്യ കൃഷി പദ്ധതി | 91235 | 765 |
| ജില്ലാ പഞ്ചായത്ത് | 10000 | കുളങ്ങളിലെ കരിമീൻ കൃഷി പദ്ധതി | 0 | 10000 |
| ജില്ലാ പഞ്ചായത്ത് | 1000000 | വിവിധ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം | 0 | 1000000 |
| ആകെ | 8216862 | | 1603197 | 6613665 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,05,45,515 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 11338323 (പലിശ ഉൾപ്പെടെ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11338323 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | കാലാവധി |
|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ കോ-ഓപ്. | 5,000 | ലഭ്യമല്ല | -- |

| | | | | |
|---|---|---|---|---|
| | സൊസൈറ്റി ഷെയർ | | | |
| 2 | മലബാർ ടൂറിസം, പറശ്ശിനിക്കടവ് ഷെയർ | 20,000 | ലഭ്യമല്ല | -- |
| 3 | ജില്ലാ സഹകരണ ബാങ്ക്,അഴീക്കോട് | 5,84050 | 30.03.2021 | 1 വർഷം |
| 4 | അഴീക്കോട് സർവീസ് സഹകരണ ബാങ്ക് | 2657446 | 02.02.2021 | ,, |
| 5 | ജില്ലാ സഹകരണ ബാങ്ക്,അഴീക്കോട് | 1269495 | 02.02.2021 | ,, |
| 6 | ജില്ലാ സഹകരണ ബാങ്ക്,അഴീക്കോട് | 6,61,774 | 02.02.2021 | ,, |
| 7 | ജില്ലാ സഹകരണ ബാങ്ക്,അഴീക്കോട് | 11,61,000 | 02.02.2021 | ,, |
| 8 | K G B അഴീക്കോട് | 18,53,556 | 29.09.2020 | ,, |
| 9 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (സ്ഥിര നിക്ഷേപം) | 26,81,250 | 30.03.2021 | " |
| 10 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (സ്ഥിര നിക്ഷേപം) | 4,44,752 | 02.02.2021 | " |
| | ആകെ | 11338323 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 2003-04 | 4 | പൊയ്യുംകടവ് സ്രാമ്പി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |
| 2001-02 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 144190330.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152759976.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1539290.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 640300 | ശ്രീമതി.ഷീബ.ടി,അഗ്രിക്കൾച്ചർ ഓഫീസർ |
| 1-14 | 5,52,500 | ശ്രീമതി.ഷീബ.ടി,അഗ്രിക്കൾച്ചർ ഓഫീസർ |
| 1-15 | 3,12,200 | ശ്രീമതി.ഷീബ.ടി,അഗ്രിക്കൾച്ചർ ഓഫീസർ |
| 1-21 | 34,290 | ശ്രീമതി.ഷഫീന.കെ.പി, ഹെഡ് മിസ്ട്രസ് |
| ആകെ | 1539290 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീബ.ടി, അഗ്രിക്കൾച്ചർ ഓഫീസർ കൃഷി ഓഫീസർ | അഗ്രിക്കൾച്ചർ ഓഫീസർ, അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 'കമൽ, കണ്ടോന്താർ, മാതമംഗലം |
| ശ്രീമതി.ഷഫീന.കെ.പി, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.സ്കൂൾ, അഴീക്കോട് | ബൈത്തു റഹ്മ, കച്ചേരിപ്പാറ, അഴീക്കോട്.പി.ഒ. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 3 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 6 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 9 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 5 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 8 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 4 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 7 |
| 2010-11 2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 16 |
| 2012-13 | കെ.എസ്.എ.കെ.എൻ.ആർ.സി5/ | 16 |
| 2013-14 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 18 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 | 7 |

| | | |
|---|---|---|
| | തീ.14.06.2019 | |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി5/751/19 തീ.14.06.2019 | 4 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി5/833/2020 തീ.30.03.2019 | 2 |
| 2018-19 | കെ.എസ്.എ.കെ.എൻ.ആർ.സി5/833/2020 തീ.16.11.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Azheekode Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 100491902.55 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2085180.00 |
| 140000000 | Fees & User Charges | RP-4 | 1283519.00 |
| 150000000 | Sale & Hire Charges | RP-5 | 5773160.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 76175196.00 |
| 171000000 | Interest Earned | RP-9 | 2666227.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8755996.00 |
| 340000000 | Deposits Received | RP-34 | 5000.00 |
| 350000000 | Other Liabilities | RP-36 | 37573603.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6720.00 |
| 311000000 | Earmarked Funds | RP-29 | 3973.00 |
| 340000000 | Deposits Received | RP-34 | 340901.00 |
| 350000000 | Other Liabilities | RP-36 | 1811805.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7697050.00 |
| 460000000 | Loans, Advances and Deposits | RP-47 | 12000.00 |
| | Grand total | | 244682232.55 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3607476.00 |
| 220000000 | Administrative Expenses | RP-12 | 1031433.00 |
| 230000000 | Operations & Maintenance | RP-13 | 3485480.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10267816.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20774225.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2655150.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 918385.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 796440.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 11993930.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 246402.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | 47076.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 275054.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 42948257.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1020.00 |
| 280000000 | Prior Period Item | RP-26 | -103900.00 |
| 340000000 | Deposits Received | RP-34 | 140364.00 |
| 350000000 | Other Liabilities | RP-36 | 4130709.00 |
| 410000000 | Fixed Assets | RP-38 | 17844463.00 |
| 412000000 | Capital work in Progress | RP-40 | 991178.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 28670273.00 |
| 460000000 | Loans, Advances and Deposits | RP-47 | 2032745.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 91567323.55 |
| Cash | Cash | RP-40(b) | 354933.00 |
| | Grand Total | | 244682232.55 |

| Azheekode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9475964.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 453896.00 |
| 140000000 | Fee & User Charges | I-4(b) | 1808114.00 |
| 150000000 | Sale & Hire Charges | I-5(b) | 5773160.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 198828983.00 |
| 170000000 | Income from Investments | I-7 | 792808.00 |
| 171000000 | Interest Earned | I-8 | 2666227.00 |
| 180000000 | Other Income | I-9 | 6720.00 |
| | Total Income | | 219805872.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13917342.00 |
| 220000000 | Administrative Expenses | I-11(b) | 1182993.00 |
| 230000000 | Operations & Maintenance | I-12(b) | 4099960.00 |
| 240000000 | Interest & Finance Charges | I-13 | 1020.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10267816.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34928531.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2675150.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 918385.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 107914540.00 |
| 255000000 | Maintenance Projects | I-14(e) | 11993930.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 246402.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 270000000 | Provisions and Write off | I-16 | 15587.00 |
| 272000000 | Depreciation | I-17(a) | 15315180.00 |
| | Total Expenditure | | 203481836.00 |
| | Gross Surplus/ Deficit of income over Expenditure | | 16324036.00 |
| 280000000 | Prior Period Item | I-18 | 898107.00 |
| | | | |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 15425929.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Azheekode Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 109805920.72 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 95734.00 |
| 312000000 | Reserves | B-3 | 84511940.00 |
| | Total Reserve & Surplus | | 194413594.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12565292.01 |
| | Total Grants, Contributions for Specific Purposes | | 12565292.01 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3220454.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 8646598.82 |
| | Total Current Liabilities and Provisions | | 11867052.82 |
| | TOTAL LIABILITIES | | 218845939.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 159953326.00 |
| 411000000 | Accumulated Depreciation | B-11 | -76177455.00 |
| 412000000 | Capital Work in Progress | B-11(a) | 991178.00 |
| | Total Fixed Assets | | 84767049.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 11338323.00 |
| | Total Investments | | 11338323.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 28703552.00 |
| 450000000 | Cash and Bank Balance | B-17 | 91922256.55 |
| 460000000 | Loans, Advances and Deposits | B-18 | 2114759.00 |
| | Total Current Assets, Loans and Advances | | 122740567.55 |
| | | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |

| | |
|---|---|
| TOTAL ASSETS | 218845939.55 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.